## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (FW) നടപടിക്രമങ്ങൾ

വിഷയം :- ആ.വ.ഡ – പി.എച്ച്. എൻ. (LHI) മാരുടെ 9.10.2012 മുതൽ 30.7.2018 വരെയുള്ള കാലയളവിലെ പരിഷ്കരിച്ച താൽകാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന :- 1) ഉത്തരവ് നംമ്പർ ഇ.എസ്.5/88578/17/ആ.വ.ഡ തീയതി 15/12/2018.
2) 30/5/2014ലെ ഇ.എസ് 5/76811/2012/ആ.വ.ഡ നംമ്പറിൽ പ്രസിദ്ധീകരിച്ച പി.എച്ച്.എൻ സീനിയോറിറ്റി പട്ടിക.

## ഉത്തരവ് നംമ്പർ ഇ.എസ്5/88518/2017/ആ.വ.ഡ തീയതി 14/03/2019

സംസ്ഥാന ആരോഗ്യവകുപ്പിലെ (പി.എച്ച്.എൻ) പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ 8/10/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക സൂചന 2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി 9.10.2012 മുതൽ 30/7/2018 വരെയുള്ള കാലയളവിലെ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ താൽകാലിക സീനിയോറിറ്റി പട്ടിക തയ്യാറാക്കി സൂചന ഒന്ന് പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ആയതിൻമേൽ ലഭിച്ച അപ്പീലുകൾ പരിശോധിച്ച് പരിഗണനാർഹമായവ ഉൾപ്പെടുത്തിപരിഷ്കരിച്ച് താൽകാലിക സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പട്ടിക സംബന്ധിച്ച ആക്ഷേപമോ അപ്പീലുകളോ ഉണ്ടെങ്കിൽ ആയത് ഉചിത മാർഗ്ഗേന 25/3/2019നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്ക്ശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പരിഷ്കരിച്ച താൽകാലിക സീനിയോറിറ്റി പട്ടിക എല്ലാ പി.എച്ച്.എൻ. മാർക്കും ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ. ഉഷാകുമാരി എസ്.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW)

സ്വീകർത്താവ് – എല്ലാ പി.എച്ച്.എൻ. മാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

അംഗീകാരത്തോടെ

സൂപ്രണ്ട്